# ലിറ്റിൽ കൈറ്റ്സ് - 2019-20



# *ZIP BEEP*

# E-MAGAZINE



## മുഖമൊഴി

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെയും ഹൈടെക് സ്കൂൾ പദ്ധതിയുടെയും ഭാഗമായി കുട്ടികളിൽ ഐ ടി സി അധിഷ്ഠിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഹൈസ്കൂൾ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനും 'ഹായ് സ്കൂൾ

കുട്ടിക്കൂട്ടം'പദ്ധതി നടപ്പിലാക്കിയിരുന്നു.സ്റ്റുഡന്റ് പോലീസ് കേഡറ്റ് മാതൃകയിൽ ഹായ് സ്കൂൾ കുട്ടിക്കൂട്ടം പദ്ധതി ഘടനാപരമാക്കുന്നതിനും പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്)പ്രൊപ്പോസൽ സമർപ്പിച്ച തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഹായ് സ്കൂൾ കുട്ടിക്കൂട്ടം പദ്ധതി ലിറ്റിൽ കൈറ്റ്സ് എന്ന പേരിൽ പുനർനാമകരണം ചെയ്ത് കൊണ്ട് ഉത്തരവിറക്കി.കോറോം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ 2017-2018 ൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് രൂപീകരിച്ചു. നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ രണ്ടാമതും ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുകയാണ്.കേരളത്തിലെ പ്രസിദ്ധരായ എഴുത്തുകാരുടെ സൃഷ്ടികൾ ക്കൊപ്പം ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെയും മറ്റ കുട്ടികളുടെയും അദ്ധ്യാപകരുടെയും സൃഷ്ടികൾകൊണ്ട് സമ്പന്നമാണ് ഈ മാഗസിൻ.കുട്ടികളെ വായനയുടെ ലോകത്തേക്ക് കൈ പിടിച്ചുയർത്താൻ ഈ മാഗസിന് കഴിയും എന്ന ഉത്തമ

വിശ്വാസത്തോടെ ഇത് വായനക്കാർക്കായി സമർപ്പിക്കുന്നു.

**ലിറ്റിൽ കൈറ്റ്സ്**

**GHSS KOROM യൂണിറ്റ്**

**കോറോം ഗവ. ഹയർസെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ "ZIP BEEP" സർഗ്ഗശേഷി പരിപോഷിപ്പിക്കുന്നതിനും സാങ്കേതികമികവിനും ഉതകുമെന്ന പ്രതീക്ഷയോടെ എല്ലാവിധ ആശംസകളും നേരുന്നു.**

**BALAKRISHNAN.E V M**
**Head master**
**GHSS KOROM**

## ഉള്ളടക്കം


ഉർവരതയുടെ അടയാളം.....6

അമ്മയെപ്പോലെ പ്രകൃതിയും.....7

ആത്മഹത്യ.....8

ഒഴുകുന്ന പ്രകൃതിക്കായി.....11

കുടജാദ്രി യാത്ര.....12

പൂജ്യം.....13

ജീവിത വീക്ഷണം.....14

BALLONS.....17

BUTTERFLY.....18

ഉണ്ണി ഉറങ്ങീട്ടു.....20

മയക്കം.....20

യുവത്വം.....21

TO A LITTLE BIRD.....22

TEACHER.....23

THE BEAUTY OF NATURE.....24

അന്ത്യയാത്ര.....25

ജീവിത വീഥി.....27

# ഉർവരതയുടെ അടയാളം



വടക്കൻ കേരളത്തിന്റെ ദിവ്യവും പരിപാവനവുമായ ഒരു അനുഷ്ഠാനമായ നർത്ഥന കലയാണ് തെയ്യം.കാവുകളിലും പള്ളിയറകളിലും ആരാധനാഭാവത്തോടെ ഉറഞ്ഞാടുന്ന തെയ്യങ്ങൾ ദേവതകളെ ദേവതാതുല്യം പൂജിക്കേണ്ടുന്ന മനുഷ്യരെയും ആത്മവത്കരിക്കുന്നു.ഭഗവതി,കാളി,ശിവൻ,ശാസ്താവ്,ചാമുണ്ഡി,ഭൂതദേവതകൾ,പുരാണകഥാപാത്രങ്ങൾ,നാഗദേവതകൾ,പരേതർ,വീരപുരുഷന്മാർ,സതിമാർ,രക്തസാക്ഷികൾ,ത്യാഗ സമ്പൂർണരായ നാരിമാർ,ആത്മാർപ്പണം ചെയ്യേണ്ടിവന്നവർ തുടങ്ങി മനുഷ്യചേതനയിൽ ആരാധനാഭാവം വളർത്തുന്ന ഓർമകളാണ് തെയ്യങ്ങളായി കൊണ്ടാടുന്നത്.രൂപഭാവങ്ങളിലും നർത്തനങ്ങളിലും വിഭിന്നതയുള്ളവർ അനുഗ്രഹിക്കുകയും സംസാരിക്കുകയും ചെയ്യുന്ന ദൈവങ്ങളാണ് തെയ്യങ്ങൾ.

ഭയഭക്തിഭാവങ്ങളുടെ മൂർത്തീകരണമായ തെയ്യങ്ങളെ ഒരു വിനോദോപാധിയാക്കി മാറ്റുന്നത് ഉചിതമല്ല.ബഹുമാന്യവും പവിത്രവുമായി സൂക്ഷിക്കേണ്ട ഒരു സമ്പ്രദായവുമാണ് ആരാധന.പാരമ്പര്യവും ആകാരശോഭയും തികഞ്ഞ തെയ്യങ്ങൾ വളക്കൂറുള്ള ഉത്തരകേരളത്തിൽ അനുഗ്രഹദൃശ്യങ്ങളാണ് പള്ളിയറകളിലും കാവുകളിലും ക്ഷേത്രങ്ങളിലും നടക്കേണ്ട തെയ്യങ്ങളെ തെരുവിൽ കൊണ്ടുവന്ന് കച്ചവടം നടത്താനുള്ളതാക്കരുത്.തെയ്യം കെട്ടിയാടുന്നവർ പട്ടിണിക്കാരും ദരിദ്രരും ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമാകാം.അവർക്ക് സാമ്പത്തിക സഹായം ആവശ്യമായി വരാം.കമ്പോളവത്കരണത്തിലേക്ക് അവർക്ക് നീങ്ങേണ്ടി വരുന്നത് ഇത്തരം കാരണങ്ങൾ കൊണ്ടാകാം.ഓണാഘോഷം ഉദ്ഘാടനച്ചടങ് ഘോഷയാത്ര തുടങ്ങിയ പരിപാടികളിൽ തെയ്യങ്ങളെകെട്ടിയൊരുക്കി എഴുന്നള്ളിക്കുന്നത് വൈഷ്യമ്യത്തോടെ കണ്ടുനിന്നിട്ടുണ്ട് എല്ലാം കച്ചവടമാകുന്ന കാലമാണിത്.നാടും വീടും നഗരവും ചന്തയാകുന്നു.അനുഷ്ഠാനത്തോടെ അവതരിപ്പിക്കേണ്ട തെയ്യങ്ങളെ കാഴ്ചകളാക്കി മാറ്റുന്നത് എന്നെപ്പോലുള്ളവർക്ക് സഹിക്കാൻ പറ്റാത്തതാണ്.കഥകളിയിലെ കഥാപാത്രങ്ങളെയും ഇതുപോലെ എഴുന്നള്ളിക്കുന്നത് കണ്ട് പ്രതിഷേധം തോന്നിയിട്ടുണ്ട്.

നിഗ്രഹാനുഗ്രഹ ശക്തികളുണ്ടെന്ന് ജനത വിശ്വസിക്കുന്ന അമാനുഷ കഥാപാത്രങ്ങൾ തെരുവിലൂടെ നീങ്ങുന്നത് വേദനാജനകമാണ്. അക്ഷന്തവ്യമായ അപരാധം കൂടിയാണിതെന്ന് ഞാൻ വിശ്വസിക്കുന്നു. ദേവതാവിശ്വാസികൾ ഇതിനെതിരെ പ്രതിഷേധിക്കണം. ഓണാഘോഷവും കേരളപ്പിറവിയും ഘോഷയാത്രയും കഴിഞ്ഞ് ഇപ്പോൾ വിവാഹച്ചടങ്ങിലും തെയ്യം കെട്ടിയാടുന്നത് കണ്ട് ഞാൻ അമ്പരന്നു പോയിട്ടുണ്ട്.തിരുവനന്തപുരത്താണ് സംഭവം നടന്നത്.ഒരു സമ്പന്ന കുടുംബത്തിലെ വിവാഹാഘോഷമാണ്.എന്നെയും ക്ഷണിച്ചിരുന്നു.സുബ്രമണ്യം ഹാളിലായിരുന്നു.ദൂരെനിന്നുതന്നെ ചെണ്ട മേളം കേട്ടുകൊണ്ടിരുന്നു. അടുത്തെത്തിയപ്പോൾ അമ്പരന്നു പോയി.മംഗള കർമം നടക്കേണ്ട മുറ്റത്ത് തീയും പുകയും ഉയരുന്നു.ചെണ്ടക്കാർ കൊട്ടി തിമിർക്കുന്നു.തീച്ചാമുണ്ഡി ഉറഞ്ഞാടുന്നു.പുറത്തും അകത്തും വേദിയിലും തെയ്യങ്ങൾ.കാവുകളുടെ മുറ്റത്ത് ദിവ്യതയും ഭക്തിയും കൈവരിക്കുന്ന തെയ്യങ്ങൾ കല്യാണച്ചടങ്ങിൽ ചിരിയും തമാശയുമുയർത്തുന്നു.അമർഷവും വെറുപ്പും എന്നിൽ നിറഞ്ഞു.വിവാഹ ധൂർത്തിന്റെ പാരമ്യം പണം കൊണ്ട് ദൈവങ്ങളെ വിലക്കുവാങ്ങാമെന്നാകും മോഹം.ഞാൻ വിവാഹ ചടങ്ങിൽ പങ്കെടുക്കാതെ മടങ്ങി.നമുക്ക് ഈശ്വരന്മാരെയെങ്കിലും ഇരിക്കേണ്ടിടത്ത് ഇരുത്തിക്കൂടേ.അതിനുള്ള ശ്രമമെങ്കിലും നടത്തിക്കൂടേ.നമ്മുടെ സംസ്കാരങ്ങളെയെങ്കിലും കച്ചവടവൽക്കരിക്കാതെ കാത്തുകൂടെ.ആഘോഷങ്ങളിലും തിമിർക്കേണ്ട കോമാളി വേഷങ്ങളായി

*തെയ്യമൂർത്തികളെ മാറ്ററുതേ എന്ന് വിനീതമായൊരു അപേക്ഷയുണ്ട്.വിശ്വാസികൾ ശ്രദ്ധിക്കുമെങ്കിൽ ശ്രദ്ധിക്കുക.*

സുഗതകുമാരി ടീച്ചർ

## അമ്മയെപ്പോലെ പ്രകൃതിയും



ദൈവമെന്നപോലെ
അമ്മയെയും നമ്മൾ
ഓർത്തിടേണം കൊച്ചുകിടാങ്ങളെ
ഏറെനാൾമാത്രം എന്നമ്മതൻമടിത്തട്ടിൽ
കിടന്നീടുവാൻ അഭിമതം തോന്നുന്നു

മണ്ണിനടിയിൽ കിടന്നെന്നമ്മ
കഥകൾ പറഞ്ഞും പാട്ടുകൾ പാടിയും
താരജാലമായ എന്നമ്മതൻ മടിത്തട്ടിൽ ഒരു
നേരമെങ്കിലും തലചായ്ക്കാൻ തോന്നീടുന്നു
എന്നമ്മ പ്രകൃതിയായി മരങ്ങളും
സസ്യങ്ങളും ജീവജാലങ്ങളുമായി
എൻ സന്തോഷം അണയാതിരിക്കാൻ
എന്നമ്മ എന്നും എൻ മനസ്സിൽ നിറഞ്ഞീടും
മെല്ലെ മെല്ലെ എൻ മനസ്സിൽ
നിന്നും അകലുകയായി എന്നമ്മ
അമ്മ മാത്രമല്ല അമ്മയോടൊത്ത്
കളിചിരിയുമായി പ്രകൃതിയും
എന്നോ മാഞ്ഞുവെൻ ഈ സൗഹൃദവും
ഈ നല്ല മനസ്സും സ്നേഹവും
അകലുകയായി എന്നമ്മയും പ്രകൃതിയും
വിട്ടുമാറാനാവാത്ത സങ്കടങ്ങളുമായി  എന്നമ്മ

അതുല്യ വി വി
9-C

## ആത്മഹത്യ

അവനിതാ മരിക്കുന്നു
ശ്വാസം നിലയ്ക്കുന്നു
ഒരു തുണ്ടു കയറിനാൽ
സ്പന്ദനം നിലപ്പിച്ചതെ -
ന്തിനാണെന്തിനാണെന്നു -
നാം തിരക്കവെ.....
പെട്ടെന്നൊരു ശബ്ദം
ഇടിമുഴക്കം പോൽമന്നി -
ണ കുലുക്കുന്നു കൊട്ടു -
ങ്കാറ്റായ് മാറിടുന്നു
ആ ശബ്ദം കർഷകന്റെ

ഇടനെഞ്ചിനകത്ത് നിന്നൊ –
രു വാളായി വീശിടുന്നു
"ഇന്നിതെൻറെ പ്രേതിഷേധം
മാത്രമാണീ ആത്മഹത്യ
നാളെയൊരോകർഷകനും
ഈ അവസ്ഥ തന്നെ വിധി
മനുഷ്യരെന്നു നടിച്ചുകാട്ടി കണ്ടതെല്ലാം
നിരപ്പാക്കി ഭൂമിയെ പോർക്കളമാക്കി
മാറ്റിടുന്ന മനുഷ്യരെ നീ
അനുഭവിക്കുമനുഭവിക്കും
കർഷകർതൻ ശാപമിത്
കാരണം നാം പൊന്നാക്കി
മാറ്റിടുന്ന ഭൂമിയെല്ലാം ഇന്ന് നീ
കൈവച്ച ശേഷം ശ്മശാനം പോൽ
മൂകയായി ഇരിക്കുന്നു
അന്ന് നൂറുമേനി കൊയ്ത പാ
ടങ്ങൾ വീടുകളായി മാറിയിന്ന്
നിങ്ങൾ തൻ ചൂഷണം മൂലം
ഇന്നെനിക്ക് നഷ്ടമായത്
എൻ ജീവൻ മാത്രമല്ല , ശ്രേഷ്ടമാ –
മീ ജനനിതൻ ജൈവവൈവി –
ധ്യങ്ങൾ കൂടി ....
മാപ്പുനൽകില്ലൊരിക്കലും
നിങ്ങളുടെ ഈ ക്രൂരതയ്ക്ക്
നാളെ മണ്ണിന് രാജാവാകും
പുതുയുഗം ക്ഷമിക്കില്ല
ഇന്നുഞാൻ മാത്രം ചൊല്ലിയോ –
രീ ഗാനം നാളെ മന്നിൽ
ഏവരും ഏറ്റുചൊല്ലും
പേരിന്റെ ഭദ്രതയ്ക്കായ് ..."
പെട്ടെന്നുസ്വരം നിലച്ചു
സർവരും നിശബ്ദരായി
ഇന്നിതൊരു കർഷകന്റെ
ശോക ഗാനം മാത്രമിത്
നാലയോരോമനുഷ്യനും
ഈ അവസ്ഥ സ്വായത്തമാകും
ഈ കർഷക ആത്മഹത്യാ –
കാരണം ഭൂമിയുടെ ദുര –
വസ്ഥ മൂലമുള്ള സങ്കടം മാത്രം
ഈ ദുരവസ്ഥമാറാൻ
ഇന്നു നമ്മുക്കൊരുമിച്ച്
മുട്ടുകുത്തി പ്രാർത്ഥിക്കാം
കഠിനാധ്വാനവും ചെയ്യാം

വിഷ്ണുപ്രിയ പി

9-C

## ഒഴുകുന്ന പ്രകൃതിക്കായി



ഒഴുകുന്നു നമ്മൾ പ്രകൃതിയെപ്പോലെ
അരുവിയെപ്പോലെ മറികടന്നിങ്ങനെ
പ്രകൃതിക്കനുസരിച്ച് മരങ്ങളും സസ്യങ്ങളും
ഒത്തുകൂടി ആഹ്ലാദിച്ചീടുന്നു
എപ്പോഴോ മാഞ്ഞുവെൻ ഈ
നാടിൻ സൗഹൃദമേ......
എങ്ങനെ മറക്കുമെൻ പ്രകൃതിയേ
എന്നും ഓർമ്മയെന്നപോലെ
മനുഷ്യസാഹസം  മൂലം
പ്രകൃതിക്ക് വ്രണം ഉണ്ടാക്കീടുന്നു
കാർമേഘം മാഞ്ഞെവിടെക്കോപോയി
വനമാകെ ഇരുണ്ടുനിൽക്കവേ
മഴത്തുള്ളികൾ മെല്ലെ മെല്ലെ
തൻ ജീവജാലങ്ങൾക്കായി  പ്രകൃതിക്കായി
എന്തൊരു ഐശ്വര്യമാണെൻ പ്രകൃതിക്ക്
നാട്ടുണർന്നു തുടങ്ങി പക്ഷികളും ജീവ -
ജാലങ്ങളും സസ്യങ്ങളും ഭൂമിക്ക്
സൗന്ദര്യം വാരിയെറിയുന്നു
എൻ പ്രിയനാടേ ഈ ലോകം
വിട്ടണയരുതേ എൻ പ്രിയനാടേ.........

അതുല്യ വി വി
9–C

<u>കുടജാദ്രി യാത്ര</u>



*അന്ന് ഒരു വെള്ളിയാഴ്ചയായിരുന്നു. ഞാനും എന്റെ കുടുംബവും  കൂടി മൂകാംബിക ക്ഷേത്രത്തിലേക്ക് യാത്രതിരിച്ചു.കാടും മലയും കടന്ന് മൂകാംബികയിലെത്തി.വളരെ മനോഹരമായ ഒരു അമ്പലമാണ് മൂകാംബിക.അന്ന് രാത്രി അവിടെ ഉത്സവമായിരുന്നു.മൂകാംബിക ദേവിയുടെ വിഗ്രഹം പല്ലക്കിലേറ്റുന്നത് ഞാൻ കണ്ടു.പിറ്റെന്നാൾ സൗപർണികയിൽ കുളിച്ചമ്പലത്തിൽ പോയി തിരിച്ച ലോഡ്ജിലേക്ക് വന്നപ്പോൾ മാമൻ വന്നു പറഞ്ഞു.പുറത്തൊരു ജീപ്പ് വന്നിട്ടുണ്ട്.കുടജാദ്രിയിലേക്ക് പോകുവാൻ.കുടജാദ്രി എന്ന കേട്ടിട്ടല്ലാതെ നേരിട്ട് കണ്ടിട്ടില്ല.8 ആൾക്കാരെ മാത്രമേ ആ ജീപ്പിൽ ഒരേ സമയം കൊണ്ടുപോകുകയുള്ളു.നമ്മൾ 8 പേരും കയറി.നല്ല റോഡാണ് ടാർ ഇട്ടിരുന്നു.അപ്പോൾ മാമൻ പറഞ്ഞു എന്റെ കാർ എന്തെ ഇതിലെ പോകാണ്ട്.അപ്പോൾ ജീപ്പ് ഒരു ഇരുട്ടിലേക്ക് കുതിച്ചു കയറി.പെട്ടെന്ന് ഒരു കാട് പൊട്ടിപൊളിഞ്ഞ റോഡ്.ജീപ്പ് വളഞ്ഞും  പുളഞ്ഞും ഒക്കെ കുന്നുകയറുമ്പോൾ ഒരു പ്രേത്യേക സ്ഥലമുണ്ടെന്ന് ഡ്രൈവർ പറഞ്ഞു.അവിടെ നിന്ന് വണ്ടി റിവേഴ്സ് എടുക്കണം.അങ്ങനെ ആ സ്ഥലമെത്തി.വണ്ടി റിവേഴ്സ് എടുക്കുമ്പോൾ ഓഫ് ആയി.റോഡിന് ഒരു ഭാഗത്ത് പാറ മറുഭാഗത്ത് 300 അടി താഴ്ച .വണ്ടി  കുറച്ചു പേര് വന്ന് തള്ളി ഓൺ ചെയ്തു .അങ്ങനെ ചെങ്കുത്തായ കുന്നുകയറി അവസാനം കുടജാദ്രിയിലെത്തി.അവിടെ മൂകാംബിക ദേവിയുടെ അമ്പലമുണ്ടായിരുന്നു .അവിടെ നിന്നുംതാഴേക്കു നോക്കിയാൽ  റോഡ് ഒരു ചെറിയ നൂൽ പോലെ കാണാം.സമയം കുറെ പോയി .7 മണിക്ക് ശേഷം മുകളിലേക്ക് കയറാൻ വിടില്ല.മുകളിലേക്ക് ഒന്നര കിലോമീറ്റർ ദൂരം കയറണം. ഒരു ഇടുങ്ങിയ വഴി മുഴുവൻ മേഘം നിറഞ്ഞു.അതിനും മുകളിലാണ് ശങ്കരാചാര്യർ തപസ്സ് ചെയ്തത്.നിർഭാഗ്യവശാൽ അവിടെ എത്താൻ കഴിഞ്ഞില്ല .യാത്ര തിരിച്ചു മൂകാംബികയിലേക്ക്......*

*വിഷ്ണു.കെ*
*9-C*

**പൂജ്യം**




എന്നുള്ളിലെ
സ്നേഹത്തിനവസാനവും പൂജ്യം
നിന്നുള്ളിലെ വിരഹത്തിനവസാനവും പൂജ്യം
എന്നെ ഭൂമിയിലെത്തിച്ച  ജനനത്തിനന്ത്യവും പൂജ്യം
ഒടുവിലെൻ ജീവനും കൊണ്ട് യാത്രയാകും
മരണത്തിനവസാനവും പൂജ്യം
ഇതിനിടയിലെ നേർത്ത നൂലായ
ജീവിതത്തിനവസാനവും പൂജ്യം
സത്യത്തിനസത്യത്തിനവസാനവും പൂജ്യം
സുഖത്തിന് ദുഖത്തിനവസാനവും പൂജ്യം
എന്തിന് എല്ലാം കൊണ്ടുപോയ
പ്രളയത്തിനവസാനവും പൂജ്യം
പിന്നെ പൂജ്യത്തിനവസാനവും പൂജ്യം

ഗോപിക ടി കെ
**8–C**

# ജലത്തിന്റെ പാട്ട്



പ്രകൃതിയിൽ നിന്ന് ഉടലെടുത്തെനിക്ക്
പ്രകൃതിയാണെന്നും പെറ്റമ്മ
എന്നമ്മതൻ വേദന കണ്ടുനിന്നീടെ
എൻ ദേഹമൊട്ടാകെ വിറച്ചിരുന്നു
ഞാനിടിയായി അലറിവിളിച്ചു
കൊടുംകാറ്റായി ജീവനെടുത്തു
എന്നുണ്ണിലെ തീനാളം പകരം വീട്ടു -
വാനായ് കുതിച്ചു ......
പുഴകൾ കവിഞ്ഞൊഴുകി
പാലം മുങ്ങിത്താണു
എൻ പ്രതികാരം വെള്ളപ്പൊക്കമായി
പിന്നെയത് പ്രളയമായി
നൂറുനൂറു ജീവനുകൊണ്ടെൻ
പ്രതിഷേധാഗ്നി അണഞ്ഞുതീർന്നു
നാടും നശിച്ചു വീടും നശിച്ചു
മർത്യനും ചിന്തയുണർന്നുവന്നു

ഗോപിക ടി കെ
8-C

**ജീവിത വീക്ഷണം**

*ഭാരമേറിയതും സന്തോഷവും*
*നിറഞ്ഞതാണീ മധുപാത്രം*
*നിന്നിഷ്ടപ്രകാരം നിന്നിഷ്ടം നടത്തുകയും*
*ചെയ്യുന്നതാണീ തലമുറ*
*സുഖമേറിയതും ദുഃഖമേറിയതും*
*ആണീ ജീവിത നിലവാരം*

*ദൈവമെന്നോ ശത്രുവെന്നോയില്ല*
*ജീവിത വീക്ഷണത്തിൽ*
*നല്ലതോ ചീത്തയൊയെന്നില്ല*
*മനുഷ്യ നിർമിതിയിൽ*
*അത്രയും ക്രൂരയാണീ ഗ്രാമവീഥിയിൽ*
*എങ്ങനെ നാം കുടികൊള്ളണം*
*കാണുന്നതൊന്നും സത്യമല്ല ,*
*കേൾക്കുന്നതൊന്നും തന്നെ കാര്യവുമല്ല*
*പുഴയോരങ്ങളിൽ ചിന്നിച്ചിതറിവീണ രക്തം*
*തന്റെ ഹൃദയത്തിൽ പതിച്ചേൽക്കാം*
*ഇതെല്ലം നമ്മുടെ ജീവിതത്തെ*
*മാറ്റിമറിച്ചേക്കാം*
*കാറ്റിലലകളാടും പിഞ്ചോമനകളുടെ*
*ജീവിത സ്പർശനത്തിൽ*
*സ്നേഹം അതാണ് ജീവിത –*
*വിജയത്തിന്റെ അടിത്തറ*
*നിലവാരം ഉയർത്താനും താഴ്ത്താനും*
*നമുക്ക് കഴിഞ്ഞേക്കാം .......*
*ജീവിത നോവിന്റെ മുന്നിൽ ചിതറുമ്പോൾ*
*സമാധാനിക്കാൻ കൂട്ടുകാരും*
*നമ്മുടെ കൂടെ സഹായിയാകാനും*
*വേണം സഹപാഠികൾ*
*സഹകരിക്കുവാനും സ്നേഹിക്കുവാനും*
*വേണം നമ്മുക്ക് ഒരുമിക്കാം കൈകോർക്കാം*

*ശ്രുതി കെ*
*9–C*

# BALLONS



Ballons I know
Have many shapes
Have many size
Some are big and
Some are small and
Some are fat and
Some are thin
Have many colour
How nice you are

*Sreejina M*
*8 D*

# BUTTERFLY



In the glittering blue sky
I saw a beautiful butterfly
Unlike a dragon fly
It was bright and blue light
Amidst the little yellow blossoms
It flew like dancing flower
Oh my dear little red butterfly
The bright sun makes you brighter
Oh my ley year cherishes
The green yard and small bushes

*Malavika V*

*9 C*

## ഉണ്ണി ഉറങ്ങീടൂ



രാരോ രാരിരാരോ രാരിരാരിരം
രാരോ
പൊന്നു ഇളം കാറ്റിൽ പൊന്നുഞ്ഞാലിലാടി ഉറങ്ങൂ...
രാരോ രാരിരാരോ രാരിരാരിരം രാരോ
അമ്മതൻ പൊൻ കൈകളിൽ താരാട്ട്
കേട്ട് കേട്ട് മെല്ലെ മയങ്ങീടൂ...
രാരോ രാരിരാരോ രാരിരാരിരം രാരോ
കുഞ്ഞ് കുഞ്ഞ് കുസൃതികൾ ഉണ്ണി വളരേണം
രാരോ രാരിരാരോ രാരിരാരിരം രാരോ
ഉണ്ണി നിൻ നിഴലിൽ തണലായിട്ട് അമ്മ കൂട്ട്
രാരോ രാരിരാരോ രാരിരാരിരം രാരോ
കൊച്ചു വികൃതികൾ കാട്ടി പൊട്ടിച്ചിരിപ്പിക്കാൻ അച്ഛൻ വന്നല്ലോടാ...
രാരോ രാരിരാരോ രാരിരാരിരം രാരോ
രാരോ രാരിരാരോ രാരിരാരിരം രാരോ

അഖില മനോജ് 8-C

## മയക്കം

മയങ്ങുന്നു നമ്മൾ മായാലോകത്തേക്കെന്നപോൽ
കൂട്ടായ് വരുന്നിതാ കിനാക്കൾ തൻ തേരുകൾ
കാതിൽ മൂളന്നിതാ കാറ്റാടിതൻ മർമരങ്ങൾ
ചിറകുവിരിച്ചിതാ ഉയരുന്നു,

വാനിലെ ത്രുവൽക്കെട്ടുകൾക്കൊപ്പം
കാറ്റിൻ മൃദുകരങ്ങളിതാ-
സ്പർശിക്കുന്നു കരങ്ങളിൽ
കണ്ണുകൾ പുറത്തേക്ക് ചാടുന്നു
എനിയെന്തെന്നറിയുവാൻ
മയക്കം മാത്രമാണിതെന്നറിയുമ്പോൾ
വെളിച്ചം കൂട്ടിനായ് വരുന്നു രഥത്തിൽ...

-ശ്രീലക്ഷ്മി.എം(9 ബി)

**യുവത്വം**




*കഞ്ചാവടിച്ച് ലക്കുകെട്ട്*
*ഒരുമൂലയിൽ*
*ചുരുണ്ടുകൂടി മൊരടുപിടിച്ചൊരു*
*യുവത്വം*
*പെണ്ണ് പിടിച്ച് അമ്മപെങ്ങളന്യരായ*
*ബോധമറ്റ വെളിവില്ലാത്തൊരു യുവത്വം*
*കള്ള്കുടിച്ച് തെറിവിളിച്ചടിപിടികൂടി*
*വാളുവച്ചുറങ്ങുന്നു മറ്റൊരു യുവത്വം*
*മൊബൈൽ ഫോണിന്റെ ഇരുമ്പറയ്ക്കുള്ളിൽ*
*പൊടിപിടിച്ച ഉപയോഗശൂന്യമാം യുവത്വം*
*മൊബൈൽ ഫോണിൽ കുത്തി കുത്തി*
*സ്വന്തം ബന്ധം മറൊന്നൊരു യുവത്വം*
*ഒന്നുപറയുകിൽ രണ്ടാമതായി*
*പെട്രോളെടുക്കുന്നു മറ്റൊരു യുവത്വം*
*ജോലിയില്ലായ്കിലും തേരാപാരാനടന്ന്*

ജീവിതം തുലയ്ക്കുന്നു ഈ യുവത്വം
ശടകുടഞ്ഞെഴുന്നേൽക്കുക യുവത്വമേ
നാളെതൻ ഭാവികാക്കുവാനായി
ഇത്തലമുറതൻ യുവത്വം തുലഞ്ഞുപോയ്
നന്നാവുകനീ നാളേക്കുവേണ്ടിയാകിലും

-ഗോപിക ഗോപകുമാർ
9b

**TO A LITTLE BIRD**




*oh! you little bird*
*How beautiful you look*
*You can fly till you touch the sky*
*No one can stop you in your flight*
*You have no worries*
*And have a happy light*
*everyone loves life*
*But they keep you in a cage*
*I feel sorry  for you*
*But i can't help in any way*
*Everybody love to see you sing*
*At dawn, so do i.*

-PRANAV .M
8D

**TEACHER**




*Mom is my first teacher*
*who teach me to live*
*Dad is my second teacher*
*who teach me to behave*
*World is my third teacher*
*who teach me to express*
*My teacher at school,*
*who teach me to create my own life*

My expirians is my best teacher
who gave the strength to
live like me,
Not like others...

-GOPIK AGOPAK UMAR
9 B

## THE BEAUTY OF NATURE



Nature is wonderful
At times it shows lovely
sights
And sometime fright
it's beauty is admired
Every day to describe its
beauty is impossible
God created this amazing nature
with big and small tiny creatures
He has given life to them
all in some other future
In the small and beautiful nature

അന്ത്യയാത്ര



യാത്ര പോവുകയാണ്
ഞാനിന്നെൻ
നിഴലിനൊപ്പം നിരാശയില്ലാതെ
ഓർത്തെടുക്കുവാൻ കഴിയാത്തതെന്തും
മറവിതൻ ചെപ്പിലൊളിപ്പിച്ചുവെച്ച് യാത്ര-
പോവുകയാണ് ഞാനിന്നെൻ നിഴലിൻ ഒപ്പം
നിരാശയില്ലാതെ
പറയുവാനായി കഴിയാത്ത വാക്കുകൾ
മനസ്സിനുള്ളിൽ അടുക്കിവച്ച്
യാത്ര പോവുകയാണ് ഞാനിന്നെൻ
നിഴലിനൊപ്പം നിരാശയില്ലാതെ
കാണുവാൻ കഴിയാത്ത ദൃശ്യങ്ങളെ
കണ്ണടച്ച് അകറ്റിനിർത്തി ഞാൻ
യാത്ര പോവുകയാണ്
എൻ നിഴലിനൊപ്പം നിരാശയില്ലാതെ
ആർത്തി വേണ്ടൊരു കാര്യമൊന്നിലും
കീർത്തി മോശമായി തീരുകില്ലയോ
യാത്ര പോവുകയാണ് ഞാനിന്നെൻ
നിഴലിനൊപ്പം നിരാശയില്ലാതെ
ഇവിടെ എന്റെ കാഴ്ച മറഞ്ഞുപോയി

ഇവിടെ എൻെറ വാക്കും മുറിഞ്ഞുപോയി
ഇവിടെ എൻെറ ശ്വാസം നിലച്ചുപോയി
ശേഷിച്ചതോ കൂട്ടിനെൻ നിഴൽ മാത്രം
യാത്ര പോവുകയാണ് ഞാനിന്നെൻ
നിഴലിൻ ഒപ്പം നിരാശയില്ലാതെ

അനുദർശ് ജനൻ
8A

ജീവിത വീഥി




നാം നടക്കുന്ന വീഥിയിൽ
കാലടിവച്ച് നടക്കുമ്പോൾ
കാൽപ്രാടുകൽ എണ്ണിയളന്നാൽ
നാം കടന്നുവന്ന പാത
സ്മരിക്കുമ്പോൾ പ്രയാസമെന്തിന്?